(എഫ്) ഒരാൾക്ക് ടൈപ്പിംഗ് ജോലിയുടെ മേൽനോട്ടവും മറ്റേയാൾക്ക് തപാൽ വിതരണം, ശേഖരണം, സ്റ്റേഷനറി സാധനങ്ങളുടേയും അച്ചടിച്ച ഫാറങ്ങളുടേയും വിതരണം, ഓഡിറ്റ് റിപ്പോർട്ടുകളുടെ വിതരണം എന്നീ ജോലികളുടെ മേൽനോട്ടവുമാണ് നൽകിയിട്ടുള്ളത്.

(ജി) രണ്ട് ഓഫീസ് സൂപ്രണ്ട് തസ്തിക ലഭ്യമായിട്ടുള്ള സാഹചര്യത്തിലാണ് മുകളിൽ പറഞ്ഞപ്രകാരം ജോലി വിഭജനം നടത്തിയിട്ടുള്ളത്. ഒരു ഓഫീസ് സൂപ്രണ്ട് തസ്തിക അധികമായി അനുവദിച്ച് ഉത്തരവായപ്പോൾ എന്തെല്ലാം ജോലി ഈ തസ്തികയിൽ നിക്ഷിപ്തമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ ഒരു ഓഫീസ് സൂപ്രണ്ട് നിലവിലുണ്ടായിരുന്നപ്പോൾ ഉള്ള സംവിധാനം വീണ്ടും ഏർപ്പെടുത്താവുന്നതാണ്.

**26 (3352) സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്**

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർവക ആഫീസുകൾക്കുവേണ്ടി ഭൂമി വിലയ്ക്കു വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് നല്കാറുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമപ്പഞ്ചായത്തുകളോ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളോ വഴി നല്കിയിട്ടുള്ള ഇത്തരം എത്ര അപേക്ഷകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ചെയ്ത് ഉത്തരവ് നല്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപ്പഞ്ചായത്ത് മൃഗാശുപത്രിക്കുവേണ്ടി സ്ഥലം വാങ്ങുവാൻ സ്റ്റാമ്പ് ഡ്യൂട്ടി ഇളവിനായി അപേക്ഷിച്ചിട്ടുണ്ടായിരുന്നോ;

(ഡി) അപേക്ഷ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 1959-ലെ കേരള മുദ്രപ്പത്രനിയമം 3(ബി) (1) വകുപ്പുപ്രകാരം മുദ്രസല ആവശ്യമില്ല.

(ബി) രണ്ട് ഗ്രാമപ്പഞ്ചായത്തുകൾക്കും രണ്ട് തദ്ദേശസ്ഥാപനങ്ങൾക്കും മുദ്രസല ഇളവ് നല്കിയിട്ടുണ്ട്. അവ പെരിങ്ങോം വയക്കര ഗ്രാമപ്പഞ്ചായത്ത്, പാറളം ഗ്രാമപ്പഞ്ചായത്ത്, തൃശൂർ അർബൻ ഡെവലപ്മെന്റ് അതോറിറ്റി ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി എന്നിവയാണ്.

(സി) അപേക്ഷിച്ചിരുന്നു.

(ഡി)&(ഇ) സർക്കാരിനുണ്ടാകുന്ന റവന്യൂ നഷ്ടം പരിഗണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുകയുണ്ടായില്ല.

**27 (3353) ബ്ലോക്കതിർത്തിയിലെ മഹിളാപ്രധാൻ ഏജന്റുമാരുടെ നിയമനം**

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

823/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) ബ്ലോക്കതിർത്തികളിലെ മഹിളാ പ്രധാൻ ഏജന്റുമാരെ പുതുതായി നിയമിക്കാൻ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) സ്വന്തമായി ഒരു ജോലി ലഭിക്കുവാനും സർക്കാരിന് സാമ്പത്തിക വരുമാനം ലഭിക്കുവാൻ പ്രവർത്തനം നടത്തുന്നതിനും പുതുതായി ഏജന്റുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പുതിയ ഏജൻസി കൊടുക്കുന്നതിന് പോസ്റ്റൽ അധികാരികൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ആവശ്യത്തിൽ കൂടുതൽ ഏജന്റുമാർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ പുതിയ ഏജന്റുമാരെ നിയമിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആവശ്യത്തിന് ഏജന്റുമാരില്ലാത്ത പ്രദേശത്ത് പുതിയ ഏജന്റുമാരെ നിയമിക്കാവുന്നതാണ്. എന്നാൽ ഇക്കാര്യത്തിൽ തപാൽ വകുപ്പിന്റെ ചില മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരികയാണ്.

**28 (3354) മഹിളാപ്രധാൻ ഏജന്റുമാർ**

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിൽ 1999 മാർച്ച് വരെ എത്ര മഹിളാപ്രധാൻ ഏജന്റുമാർ പ്രവർത്തിക്കുന്നുണ്ട്; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) മഹിളാപ്രധാൻ ഏജന്റുമാർ ഡെപ്പോസിറ്റേഴ്സിൽ നിന്നും പിരിച്ചെടുക്കുന്ന തുക ഏതു രീതിയിലാണ് നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിൽ അടയ്ക്കുന്നത്;

(സി) അടയ്ക്കുന്ന തുകയ്ക്ക് ഇവർ ഡെപ്പോസിറ്റേഴ്സിന് റസീപ്റ്റ് നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ഡി) ഡെപ്പോസിറ്റേഴ്സ് നൽകുന്ന തുക മഹിളാപ്രധാൻ ഏജന്റുമാർ പോസ്റ്റാഫീസിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നത് തടയാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഇ) മഹിളാപ്രധാൻ ഏജന്റുമാർക്ക് ഡെപ്പോസിറ്റേഴ്സ് നൽകുന്ന തുക ഡിപ്പാർട്ടുമെന്റിൽ അടയ്ക്കാത്തത് സംബന്ധിച്ച് സർക്കാരിന് ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇപ്രകാരം എന്ന് തുക അടയ്ക്കാതെ വന്നിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) മഹിളാപ്രധാൻ ഏജന്റിന്റെ തിരിമറിമൂലം അടച്ച് തുക കിട്ടാനുള്ളതു സംബന്ധിച്ച് തിരുവനന്തപുരം, കരമന, നെടുങ്കാട് അനു സദനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly